**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6710 04.04.2018-ൽ മറുപടിക്ക്**

**<u>പാഠപുസ്തകം മലയാളത്തിലാക്കുന്നത് കുട്ടികളെ ദുർബ്ബലപ്പെടുത്തുമെന്ന് ആശങ്ക</u>**

| **<u>ചോദ്യം</u>**<br>**ശ്രീ.അടൂർ പ്രകാശ്** | **<u>ഉത്തരം</u>**<br>**പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
|---|---|
| (എ) മെഡിക്കൽ പ്രവേശനത്തിനുള്ള നീറ്റ് പരീക്ഷ മലയാളത്തിൽ കൂടി എഴുതുവാൻ ഭാവിയിൽ അനുവാദം ലഭിക്കുമെന്ന പ്രതീക്ഷയിൽ ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങൾ മലയാളത്തിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഏതൊക്കെ വിഷയങ്ങളിലുള്ള പാഠപുസ്തകങ്ങളാണ് ആദ്യഘട്ടത്തിൽ മലയാളത്തിലാക്കുന്നത്; | (ബി) ഹയർ സെക്കന്ററി ഒന്നും രണ്ടും വർഷത്തെ സയൻസ് പാഠപുസ്തകങ്ങളും ഹ്യൂമാനിറ്റീസ് വിഷയങ്ങളുടെ ഒന്നാം വർഷ പാഠപുസ്തകങ്ങളുമാണ് ആദ്യഘട്ടത്തിൽ പരിഭാഷപ്പെടുത്തുന്നത്. |
| (സി) പുസ്തകം മലയാളത്തിലാക്കുന്നത് ഹയർസെക്കണ്ടറി മേഖലയെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി) പരിശോധിച്ചിട്ടുണ്ട്. |
| (ഡി) ദേശീയ പരീക്ഷകളിൽ കാര്യക്ഷമമായി മത്സരിക്കുവാൻ കഴിയാത്ത വിധം ഈ തീരുമാനം കുട്ടികളെ ദുർബ്ബലപ്പെടുത്തുമെന്ന ആശങ്ക പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്? | (ഡി) അധ്യാപന ഭാഷയിൽ മാറ്റം വരുത്തിയിട്ടില്ല. കുട്ടികൾക്ക് പാഠഭാഗങ്ങൾ സ്വന്തംഭാഷയിൽ പെട്ടെന്ന് മനസ്സിലാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മാത്രവുമല്ല ഈ പുസ്തകം ആവശ്യമുള്ളവർ മാത്രം ഉപയോഗിച്ചാൽ മതിയെന്നതിനാൽ ആശങ്കയ്ക്ക് അടിസ്ഥാനമില്ല. |

**സെക്ഷൻ ഓഫീസർ.**